“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/434/2025-C**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in
തീയ്യതി: **21-01-2026**

താത് പര്യപത്രം

വകുപ്പിന്റെ പേര് : **ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്**
ഫോൺ നമ്പർ : **0495 - 2356805**
ഇമെയിൽ : **kirtads@gmail.com**
kirtads@kerala.gov.in

കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കിർടാഡ്സ് വകുപ്പ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആൻറ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റസ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്), ചേവായൂർ, കോഴിക്കോട്-17 നടത്തുന്ന **Tribal Festival (Tribal Festivals, Tribal Rituals Rite the Passage: Participation and Documentation)** എന്ന പദ്ധതിയുടെ ഭാഗമായി ഗോത്രോത്സവങ്ങളും ഗോത്ര ജീവിതസന്ദർഭങ്ങളും ഫോട്ടോ എടുക്കാനും വീഡിയോ ചെയ്യാനും ഗോത്ര മേഖലയിൽ ഫോട്ടോയും വീഡിയോയും ചെയ്യും, സോഷ്യൽ മീഡിയാ ഹാൻഡ് ഔട്ടുകൾ ചെയ്യും പരിചയമുള്ള, മോഡലിങ്ങിലും അഭിനയത്തിലും ഫോട്ടോഗ്രാഫിയിലും ഡയറക്ഷനിലും താല്പര്യമുള്ള താഴെ പറയുന്ന യോഗ്യതകൾ ഉള്ള ഫോട്ടോഗ്രാഫർമാരിൽ നിന്നും പ്രായഭേദമന്യേ താത് പര്യപത്രം ക്ഷണിക്കുന്നു.

ചുമതലകൾ.

1. വയനാട്ടിൽ അടിയ സമുദായത്തിന്റെ ഫെസ്റ്റിവൽ/ കുറിച്യരുടെ ചാക്/ ജ്യേനുക്കുറുബരുടെ ജനനചടങ്ങ്, കാസർഗോട്ടെ മെഗാ മംഗലംകളി ഉത്സവം എന്നിവയുടെ ഫോട്ടോകൾ & വീഡിയോ എടുക്കണം.

2. റീൽ/സോഷ്യമീഡിയ ഹാൻഡ് ഔട്ടുകൾ നിർമ്മിക്കണം.

3. രണ്ട് വീതം ആൽബം ചെയ്യണം.

യോഗ്യതകൾ

1. ഗോത്രങ്ങളുടെ ഫോട്ടോയെടുത്ത അനുഭവം
2. ഗോത്ര ഫോട്ടോഗ്രാഫിയിൽ **10** വർഷത്തെയെങ്കിലും അനുഭവം അഭികാമ്യം
3. ഗോത്രമേഖലയിലെ അറിവ് അഭികാമ്യം
4. സോഷ്യൽ മീഡിയ റീൽ/ഹാൻഡ് ഔട്ട് തയ്യാറാക്കാനുള്ള അറിവ്

- താത്പര്യപത്രം സമർപ്പിക്കുന്നതിനുള്ള കവറിനു മുകളിൽ "**Tribal Festival Photography**" എന്ന് കവറിന് പുറത്ത് എഴുതണം.
- പ്രവൃത്തി ചെയ്യുന്നതിനു ആവശ്യമായ തുകയുടെ (എല്ലാവിധ നികുതികളും ഉൾപ്പെടെ) വിവരങ്ങളും താത്പര്യപത്രത്തിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.
- താല്പര്യമുള്ള ഫോട്ടോഗ്രാഫർമാർ അവരുടെ ഫോട്ടോ, ബയോഡാറ്റ സഹിതം, പൂർണ്ണമായ വിലാസം ഫോൺ നമ്പർ വാട്സ്ആപ്പ് നമ്പർ ഇ-മെയിൽ ഐഡി, മുൻപ് ചെയ്ത ഗോത്രഫോട്ടോ/ വീഡിയോ എന്നിവയുടെ സാമ്പിൾ എന്നിവ **ഒരു കവറിലും** പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനു ആവശ്യമായ തുക **മറ്റൊരു കവറിലും** ചേർത്ത് **രണ്ടു കവറുംകൂടി സീലു ചെയ്ത ഒരു കവറിൽ** ഉൾക്കൊള്ളിച്ചുകൊണ്ട് "ഡയറക്ടർ കിർട്ടാഡ്സ് കോഴിക്കോട് **673017**" എന്ന വിലാസത്തിൽ നേരിട്ട് അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി **9446738384** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
- താത്പര്യപത്രം സംബന്ധിച്ചുള്ള അന്തിമ തീരുമാനം കിർടാഡ്സ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

Signed by
Bindu S
Date: 21-01-2026 17:59:36

ഡയറക്ടർ

1. കിർടാഡ്സ് നോട്ടിസ് ബോർഡ്
2. കിർടാഡ്സ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. വിലേജ് ഓഫീസ്, ചേവായൂർ,കോഴിക്കോട് (നോട്ടിസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)
4. താലൂക്ക് ഓഫീസ്, കോഴിക്കോട് (നോട്ടിസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)
5. ആഫീസ് പകർപ്പ്